DESPATCHED
On 30/11/21....



16/11/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ **AP No.63(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*1262/എസ്.ഐ.സി–ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. അനിത ബേബി,
മേഴ്സി കോട്ടേജ്,
ദർശന ലൈൻ, വെസ്റ്റ് കരുവേലിപ്പടി,
കൊച്ചി-682 005 — അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി,
   തലവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   തലവൂർ പി.ഒ., കൊല്ലം-691 508

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസി. ഡയറക്ടർ,
   കൊല്ലം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.12.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.02.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.02.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021, എറണാകുളം |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരി | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. അനിത ബേബി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരം ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ നിയമനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 06.10.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, തലവൂർ പഞ്ചായത്തിൽ 2013 ലെ ബിൽഡിംഗ് നം.5/45 (1993 നം.4/561) കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് എന്താണെന്നും തലവൂർ പഞ്ചായത്തിൽ നം.11502102895 തീയതി 30.11.2015 പ്രകാരം 3026/- രൂപ ശ്രീ. ബേബി മഞ്ഞക്കാലവിളയിൽ, പറങ്കിമാമുകൾ എന്നയാളിൽ നിന്ന് സ്വീകരിച്ചിരിക്കുന്നത് ഏത് കാര്യത്തിനായാണ് എന്നും മറ്റുമായി 6 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എന്നാൽ പൂർണ്ണമായും വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ

18.11.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ 22.12.2020 ൽ തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷി തലവൂർ പഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ലഭിച്ച മറുപടിയിൽ ക്രമനം.2, 3(ബി) ചോദ്യങ്ങൾക്ക് ലഭിച്ച വിവരം സംബന്ധിച്ച പൊരുത്തക്കേടുകളും ആക്ഷേപങ്ങളുമാണ് ഒന്നാം അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിരുന്നതെന്നും ചോദ്യം 2 ന് ഏത് കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനായിട്ടാണ് തുക സ്വീകരിച്ചിരിക്കുന്ന തെന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ലെന്നും അതിന്റെ നമ്പരും ഉടമസ്ഥന്റെ പേരും ലഭ്യമാക്കേണ്ടതാണെന്ന് അപ്പീലിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടായിരു ന്നുവെന്നും എന്നാൽ വിവരാവകാശ അപേക്ഷയിൽ ടി ചോദ്യങ്ങൾ ആവശ്യപ്പെടാത്തതുകൊണ്ടാണ് മറുപടി നൽകാതിരുന്നതെന്നും ചോദ്യം 3(ബി) ബിൽഡിംഗ് നമ്പർ V/45 എന്ന കെട്ടിടം റെസിഡൻഷ്യൽ കെട്ടിടമായി റെഗുലറൈസ് ചെയ്യുന്നതിന് 2016 ൽ പഞ്ചായത്ത് ആഫീസിൽ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരം 2015 ലെ റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. ബേബി മഞ്ഞക്കാല വിളയിൽ എന്നയാളുടെ പേരിൽ അപേക്ഷ ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ടി കാലയളവിലെ റെഗുലറൈസേഷൻ ചെയ്യുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ടി അപേക്ഷ രജിസ്റ്റർ പ്രകാരം ലഭിച്ചതായി കാണാൻ കഴിഞ്ഞില്ലെന്നും ആയതിനാലാണ് സാംഖ്യാ രസീത് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനായിട്ടാണ് തുക സ്വീകരിച്ചിരിക്കുന്നതെന്ന മറുപടി

നൽകിയതെന്നും ക്രമവൽക്കരണം സംബന്ധിച്ച പകർപ്പ് എത്രയെന്ന് അറിയിക്കാൻ കഴിയാതിരുന്നതെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ട് നൽകിയെന്നും ആയത് പരിശോധിച്ചതിൽ ക്രമനമ്പർ 2 ചോദ്യത്തിന് ഏത് കെട്ടിടം ക്രവൽക്കരിക്കുന്നതിനായിട്ടാണ് തുക ഈടാക്കിയതെന്ന കൃത്യമായ വിവരം നൽകേണ്ടതാണെന്നും റെഗുലറൈസ് ചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേരും ലഭ്യമാക്കണമെന്ന അപ്പീൽ അപേക്ഷയിലെ ആവശ്യം പഞ്ചായത്തിൽ സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷയിൽ ഉൾപ്പെട്ടിട്ടില്ലാതിരുന്നതിനാൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതിലും കൂടുതൽ വിവരങ്ങൾ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെടാൻ സാധിക്കില്ലയെന്ന് ഹർജികക്ഷിയെ അറിയിച്ച് കൊണ്ടും ക്രമനനമ്പർ3(ബി) പ്രകാരം ആവശ്യപ്പെട്ട 5/45 നമ്പർ കെട്ടിടമായി റെഗുലറൈസ് ചെയ്യുന്നതിന് 2015 ൽ പഞ്ചായത്തിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് വിവരം ലഭ്യമല്ല പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ആയതു സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമല്ല എന്നു നിരീക്ഷിച്ചുവെന്നും 2015 വർഷത്തെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ച് ടി കാലയളവില 5/45 നമ്പർ കെട്ടിടം റസിഡൻഷ്യൽ കെട്ടിടമായി റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഒരിക്കൽ കൂടി പരിശോധിച്ച് കൃത്യമായ മറുപടി നൽകാൻ നിർദ്ദേശിച്ചുവെന്നും ടി നിർദ്ദേശ പ്രകാരം ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ ഒരിക്കൽ കൂടി പരിശോധിച്ച് ടി കാലയളവിൽ 5/45 നമ്പർ കെട്ടിടം റസിഡൻഷ്യൽ കെട്ടിടമായി റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ ലഭിച്ചതായി കണ്ടെത്താൻ

കഴിഞ്ഞിട്ടില്ലെന്ന വിവരം ടിയാനെ 28.12.2020 ൽ അറിയിച്ചുവെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് നൽകിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരിയുടെ 06.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 04.10.2020 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ പൂർണ്ണമായും വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ ടിയാൾ 18.11.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ 22.12.2020 ൽ തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൾ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. കമ്മീഷൻ 02.11.2021 ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ചു നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്കു വേണ്ടി ടിയാൾ അധികാരപ്പെടുത്തിയ പ്രതിനിധിയും ഒന്നാം എതിർകക്ഷി തലവൂർ ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലർക്ക് ശ്രീ. ബിജു വി. യും ഹാജരായി വിശദമായി മൊഴി നൽകുകയുണ്ടായി. പ്രസ്തുത കെട്ടിടം 2002 മുതൽ നിലവിലുള്ളതാണെന്നും ടാക്സ് അടച്ചു വരുന്നതാണെന്നും അപ്രകാരം 2015 നവംബർ 30-ന് B5005502 ആയി ടാക്സ് അടച്ചതിന്റെ രസീതും തെളിവിലേക്കായി കാണിക്കുകയുമുണ്ടായി. കമ്മീഷൻ മുമ്പാകെ ഹാജരായി മൊഴി നൽകിയ ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ ക്രമവൽക്കരണ ത്തിനായി അപേക്ഷ തന്നിട്ടില്ല എന്നും ഉടമസ്ഥാവകാശം മാറ്റുന്നതിലേക്ക് ശ്രീമതി. മേരിക്കുട്ടി ഹാജരാക്കിയ അപേക്ഷ പരിശോധിച്ചപ്പോൾ 45 square feet ഉള്ള കെട്ടിടം ഉണ്ടായിരുന്നതായി കണ്ടെത്തിയെന്നും പഞ്ചായത്തു രജിസ്റ്റർ

പ്രകാരം ഉളളതും നേരിൽ കണ്ടപ്പോൾ ഘടനപരമായ വ്യത്യാസം വരുത്തിയിട്ടുളളതായും ആയത് പഞ്ചായത്ത് rules ന്റെ വയലേഷനാണ് എന്നും Regulation ന് അപേക്ഷ ലഭിച്ചിട്ടില്ല എന്നും രജിസ്റ്ററുകൾ പരിശോധിച്ചിട്ടും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നുമാണ് ഒന്നാം എതിർകക്ഷി മൊഴിയിൽ പറഞ്ഞിട്ടുളളത്. വിവരാവകാശ നിയമപ്രകാരം ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ലഭിച്ചിട്ടില്ല എന്നാണ് ഹർജികക്ഷി ബോധിപ്പിച്ചത്. ടിയാന്റെ അപേക്ഷയിലെ 3(ബി) സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക ടീമിനെ വച്ച് ഒരിക്കൽ കൂടി തെരച്ചിൽ നടത്തി വിവരം കമ്മീഷനെ ധരിപ്പിക്കണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp